**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

# അപ്പീൽ പരാതി നമ്പർ: P/057/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി : 06-11-2024**

പരാതിക്കാരി : നബീസ അമ്പലവൻ
അമ്പലവൻ ഹൗസ്, പാരടി റോഡ്,
കൂട്ടിലങ്ങാടി പി. ഒ
മലപ്പുറം.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മക്കരപ്പറമ്പ്, മലപ്പുറം.

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. നബീസ അമ്പലവൻ ലൈസൻസി (KSEBL) യുടെ മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽവരുന്ന ഒരു വ്യാവസായിക ഉപഭോക്താവാണ്. കൺസ്യൂമർ നമ്പർ 1165654041210 ആയ കണക്ഷന്റെ connected ലോഡ് 30 Kw ആയിരുന്നു. ഉപഭോക്താവിന്റെ ആവശ്യ പ്രകാരം connected load 42.96 Kw ആയി 30/11/2022 ന് വർദ്ധിപ്പിക്കുകയും മീറ്റർ CT ഉള്ള മീറ്റർ ആക്കി മാറ്റുകയും ചെയ്തു. ഉപയോഗിച്ചിട്ടുള്ള CT യുടെ ratio 100/5 ആയതിനാൽ Multiplication Factor 20 ആയി വേണം ഉപഭോഗം കണക്കുകൂട്ടേണ്ടത്. എന്നാൽ Oruma net-ൽ ഇവ രേഖപ്പെടുത്തിയപ്പോൾ MF 1 തെറ്റായി രേഖപ്പെടുത്തുകയും അങ്ങനെ ഉപഭോഗം കണക്കാക്കുകയും ചെയ്തു വന്നു. എന്നാൽ 1/9/2023 ൽ ഈ തെറ്റ് കണ്ടെത്തുകയും അന്നു മുതൽ MF - 20 ചേർത്ത് ബില്ല് നൽകി തുടങ്ങി. MF 1 ആയി ബില്ല് ചെയ്തിരുന്ന കാലയളവിൽ ലൈസൻസിയ്ക്ക് ലഭ്യമാകേണ്ട തുക 2,36,824 ആയി കണക്കുകൂട്ടുകയും അതിനുള്ള demand notice നൽകുകയും ചെയ്തു. ലൈസൻസി തന്നെ ഈ തുക 10 തവണകളായി അടയ്ക്കാനുള്ള

അനുവാദവും നൽകിയിരുന്നു. ഇത് ചോദ്യംചെയ്ത് പരാതിക്കാരി CGRF (Northern Region) ൽ പരാതി നൽകുകയും CGRF അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉത്തരവ് 19/07/2024 ൽ ഇറക്കുകയും ചെയ്തു. CGRF ന്റെ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഇവിടെ നൽകിയിരിക്കുന്നത്.

## പരാതിക്കാരിയുടെ വാദം

ഞാൻ കൺസ്യൂമർ നമ്പർ 1165654041210 പ്രകാരം കണക്ഷൻ കിട്ടിയ മലപ്പുറം ജില്ലയിലെ മക്കരപറമ്പ് സെക്ഷനിലെ ഒരു വ്യാവസായിക കൺസ്യൂമറാണ്. എന്റെ കണക്റ്റഡ് ലോഡ് 25 KW വിന് മുകളിലായതിനാൽ സി.ടി മീറ്റർ ഉപയോഗിച്ചുള്ള കണക്ഷനാണ് നൽകിയിട്ടുള്ളത്. എന്റെ കണക്ഷന്റെ മീറ്റർ ബോർഡിൽ സ്ഥാപിച്ചിട്ടുള്ളത് 100/5 സി.ടിയാണ്. ആയതിനാൽ റീഡിംഗ് പോസ്റ്റ് ചെയ്യുമ്പോൾ X 20 വെച്ചായിരിക്കണം റീഡിംഗ് നൽകേണ്ടത്. എന്നാൽ റീഡിംഗ് എടുത്ത ഉദ്യോഗസ്ഥന്റെ അറിവില്ലായ്മ കൊണ്ട് X 20 വെച്ച് റീഡിംഗ് പോസ്റ്റ് ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ നൽകേണ്ട ബിൽ സംഖ്യയുടെ 19 ഇരട്ടി ഒഴിവാക്കികൊണ്ടാണ് റഗുലർ ബിൽ നൽകിയതും ഞാൻ അടവാക്കിയിട്ടു ള്ളതും. കണക്ഷൻ നൽകി 13 മാസത്തിന് ശേഷം സെക്ഷനിലെ അസി. എഞ്ചിനിയർ ചെക്ക് റീഡിംഗ് എടുത്തപ്പോഴാണ് ഈ അബദ്ധം കണ്ടുപിടിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 2023 സെപ്റ്റംബർ മാസത്തിൽ 3,09,169 രൂപയുടെ ഒരു ഷോർട്ട് അസസ്മെന്റ് ബിൽ നൽകുകയും ചെയ്തിരുന്നു. ഈ സംഖ്യ ഒരുമിച്ച് അടവാക്കാൻ സാധിക്കാത്തതിനാലും ഇതിൽ കപ്പാസിറ്റർ പെനാൽറ്റി ഉൾപ്പെട്ടിട്ടുള്ളതിനാലും പലിശ ഒഴിവാക്കി തരാത്തതിനാലും എനിക്ക് ഈ സംഖ്യ ഒരുമിച്ച് അടവാക്കാൻ സാധിക്കാത്തതിനാൽ ഞാൻ 13 ഗഡു ആവശ്യപ്പെടുകയും മഞ്ചേരി സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ കപ്പാസിറ്റർ പെനാൽറ്റിയും പലിശയും ഒഴിവാക്കാതെ 10 തുല്യ ഗഡു അനുവദിക്കുകയാണ് ചെയ്തത്.

ബോർഡിന്റെ സപ്ലൈ കോഡിൽ പറഞ്ഞ പ്രകാരം നിശ്ചിത കാലയളവ് നിശ്ചയിച്ച് നോട്ടീസ് നൽകാത്തതിനാൽ ഞാൻ കപ്പാസിറ്റർ പെനാൽറ്റി അടവാക്കാൻ അർഹനല്ല. കൂടാതെ അടവാക്കേണ്ട സംഖ്യക്ക് പലിശ ഈടാക്കുന്നതും ശരിയല്ല. മഞ്ചേരി സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയറുടെ ഈ നടപടി തൃപ്തികരമല്ലാത്തതിനാൽ ഞാൻ കോഴിക്കോട് സി.ജി.ആർ.എഫിൽ രണ്ടാമത്തെ അപ്പീൽ നൽകുകയും 2024 ജൂൺ മാസം 10-ാം എന്റെ

പരാതി സ്വീകരിക്കുകയും തുടർന്നുണ്ടായ ഹിയറിംഗിൽ കപ്പാസിറ്റർ പെനാൽറ്റിയും പലിശയും ഒഴിവാക്കിക്കൊണ്ട് ബഹു. കോഴിക്കോട് സി.ജി.ആർ.എഫിൽ നിന്ന് വിധി ഉണ്ടായെങ്കിലും അടവാക്കേണ്ട സംഖ്യ പലിശ രഹിത 10 തുല്യ തവണകളായി അടക്കുവാൻ ഉത്തരവുണ്ടാവുകയും കപ്പാസിറ്റർ പെനാൽറ്റി ഇതോടൊപ്പം തവണ വ്യവസ്ഥ യിൽ ഉൾപ്പെടുത്തി ഈടാക്കുകയും 10 മാസത്ത കാലാവധിക്ക് ശേഷം കപ്പാസിറ്റർ പെനാൽറ്റി സംഖ്യ എന്റെ മുന്നോട്ടുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്ത് റീഫണ്ട് നൽകുന്നതിന് ഉത്തരവാകുകയും ഉണ്ടായി. എന്നാൽ ബോർഡിന് ലാഭവും നഷ്ടവും ഇല്ലാത്ത ഈ കപ്പാസിറ്റർ പെനാൽറ്റി ഈടാക്കു കയും ഭാവിയിൽ തിരിച്ച് നൽകുകയും ചെയ്യുന്ന ഒരു വിധി കൺമറായ എന്നെ ബുദ്ധിമുട്ടിക്കുന്ന ഒരു ഉത്തരവാണ് ഉണ്ടായിട്ടുള്ളത്.

ആയതിനാൽ ഈ പരാതി സ്വീകരിച്ച് കോഴിക്കോട് സി.ജി.ആർ.എഫിന്റെ വിധിയിൽ പറഞ്ഞ കപ്പാസിറ്റർ പെനാൽറ്റി ഈടാക്കുകയും ഭാവിയിൽ തിരിച്ച് നൽകുകയും ചെയ്യുന്ന ഈ നടപടി കൺസ്യൂമറെ ബുദ്ധിമുട്ടിക്കുന്നതാണെന്നും ആയതുകൊണ്ട് ആയത് ഒഴിവാക്കി തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

## <u>എതിർ കക്ഷിയുടെ വാദം</u>

കൺസ്യൂമർ നമ്പർ 1165654041210 ന്റെ കണക്ടഡ് ലോഡ് 3000 W നിന്ന് 42960 W ആയി വർദ്ധിപ്പിച്ചതിന്റെ ഭാഗമായി 30/11/2022 ന് 100/5 CT Ratio ഉള്ള CT മീറ്റർ സ്ഥാപിക്കേണ്ടിവന്നു . ഇപ്രകാരം മീറ്റർ മാറ്റി വെച്ച് Orumanet ൽ അപ്ഡേറ്റ് ചെയ്തപ്പോൾ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ (MF) 20 എന്നതിന് പകരം 1 ആണ് ഉൾപ്പെടുത്തിയത്. പിന്നീട് തെറ്റ് കണ്ടെത്തിയതിനെ തുടർന്ന് 01/09/2023 മുതൽ ശരിയായ MF ആയ 20 ചേർത്ത് ബിൽ ചെയ്തു തുടങ്ങി. കുറവായി ബിൽ ചെയ്തിരുന്ന കാലയളവിലേക്ക് 2, 36, 824 രൂപയുടെ ഒരു ഷോർട്ട് അസ്സസ്മെന്റ് ബിൽ ഉപഭോക്താവിന് നൽകി. പ്രസ്തുത കാലഘട്ടത്തിൽ ആകെ അടയ്ക്കേണ്ട തുക 3, 09, 170/- ആകുന്നു . പ്രസ്തുത കാലയളവിൽ ഉപഭോക്താവ് വിവിധ മാസങ്ങളിലായി ആകെ അടച്ച തുക 723467 - ആകുന്നു. ബാക്കി അടയ്ക്കേണ്ട തുകയായ 2, 36, 8247- രൂപയ്ക്കാണ് ഒരു ഷോർട്ട് അസസ്മെന്റ് ബിൽ 30 ദിവസത്തെ സമയം നൽകി അസിസ്റ്റൻറ് എൻജിനീയർ നൽകിയത്. 14/12/2023 ന് ഇത് കൺസ്യൂമർ g (DB-GEN/ES-MKB/2023-24/102 dt 14/12/2023). Regulation 134(1) പ്രകാരമാണ് ഇപ്രകാരം ചെയ്തത്. തുടർന്ന്, തവണ വ്യവസ്ഥയിൽ 13 തവണകളായി

തുക അടയ്ക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ 04/01/2024 ന് കൺസ്യൂമർ നൽകിയതിനെ തുടർന്ന് ഉന്നത അനുമതിക്കായി സമർപ്പിക്കുകയും ആയതിന് മഞ്ചേരി ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ ECM/GB3/2023- 24/1924 dt.25/03/2024 നമ്പർ പ്രകാരമുള്ള ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയുമുണ്ടായി.

നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി 10 പ്രതിമാസ തവണകളായി അടയ്ക്കുന്നതിനുള്ള നിർദ്ദേശം ആണ് ഉത്തരവിലുള്ളത് (Copy enclosed) ഇതിനെതിരെ ഇതിൽ സംതൃപ്തയാകാതെ പരാതിക്കാരി കോഴിക്കോട് CGRF - ൽ അപ്പീൽ നൽകി . OP NO. 21/2024-25 പ്രകാരം CGRF ( നോർത്തേൺ റീജിയൺ), കോഴിക്കോട് പരാതി സ്വീകരിച്ച് 12/07/2024 ന് ഒരു ഹിയറിങ്ങ് നടത്തുകയും പിന്നീട് 19/07/2024 ന് പരാതി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആയത് ഇപ്രകാരമാണ്.

1. 2, 36, 824/ - രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബിൽ 10 പലിശരഹിത തുല്യമാസ തവണകളായി പരാതിക്കാരി അടവാക്കേണ്ടതാണ്.

2. പരാതിക്കാരിയിൽ നിന്നും ഈടാക്കിയിട്ടുള്ള കപ്പാസിറ്റർ പെനാൽറ്റി പരാതിക്കാരിയുടെ മുന്നോട്ടുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്ത് റീഫണ്ട് നൽകേണ്ടതാണ്.

മേൽ ഉത്തരവിനെതിരെയാണ് പരാതിക്കാരി ഇപ്പോൾ ബഹുമാനപ്പെട്ട ഓംബുഡ്സ്മാനെ സമീപിച്ചിരിക്കുന്നത്. കപ്പാസിറ്റർ പെനാൽറ്റി ഈടാക്കുകയും ഭാവിയിൽ തിരിച്ചു നൽകുകയും ചെയ്യുന്ന ഈ വിധി കൺസ്യൂമർ ആയ തന്നെ ബുദ്ധിമുട്ടിക്കുന്ന ഒരു ഉത്തരവാണ് എന്നാണ് പരാതിക്കാരി ആരോപിച്ചിരിക്കുന്നത്.

"25/06/2022 തീയതിയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഓർഡർ പാർട്ട്- എ-LT Tariff General Condition 5 പ്രകാരം ഒരു പ്രിമിസസ്സിലെ കപ്പാസിറ്റർ ഫാൾട്ടി ആയാൽ, ആയത് ഒരു മാസത്തിനുള്ളിൽ മാറ്റിവെക്കാൻ കൺസ്യൂമർ ക്ക് നോട്ടീസ് നൽകണമെന്ന് നിഷ്കർഷിക്കുന്നു. നോട്ടീസ് പിരീഡിനുള്ളിൽ കപ്പാസിറ്റർ മാറ്റിവെച്ചില്ലെങ്കിൽ മാത്രമേ കപ്പാസിറ്റർ പെനാൽറ്റി ഈടാക്കുവാൻ എതിർകക്ഷിക്ക് നിയമപരമായി സാധിക്കുകയുള്ളൂ. പരാതിക്കാരിക്ക് നോട്ടീസ് നൽകാതെ ബില്ലിൽ കപ്പാസിറ്റർ പെനാൽറ്റി ഉൾപ്പെടുത്തിയത് നിയമപരമായി നിലനിൽക്കുന്നതല്ല

എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ നിയമപരമായി അല്ലാതെ പരാതിക്കാരിയിൽ നിന്നും ഈടാക്കിയ കപ്പാസിറ്റർ പെനാൽറ്റി മുന്നോട്ടുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു റീഫണ്ട് നൽകേണ്ടതാണ് എന്ന് ഫോറം മനസ്സിലാക്കുന്നു. "

ബഹുമാനപ്പെട്ട CGRF (നോർത്തേൺ റീജിയൺ ) കോഴിക്കോട്, മേൽ ഉത്തരവിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്, ആയത് വസ്തുതാപരമായി ശരിയല്ല. കാരണം കൺസ്യൂമറുടെ പ്രീമിസസ്സിലെ കപ്പാസിറ്റർ ഫാൾട്ടിയായിരുന്നില്ല. കപ്പാസിറ്റർ ഫാൾട്ടി ആയാൽ മാത്രമേ ആയതു് ഒരു മാസത്തിനുള്ളിൽ മാറ്റിവെക്കാൻ കൺസ്യൂമർ നോട്ടീസ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളൂ. ഇതിനു വ്യത്യസ്തമായി പവർ ഫാക്ടർ കുറഞ്ഞുവരുന്ന സാഹചര്യങ്ങളിൽ അനുബന്ധം- ബി പ്രകാരമുള്ള പവർ ഫാക്ടർ ഡിസ്ഇൻസെന്റീവിന് ( കപ്പാസിറ്റർ പെനാൽറ്റി) പരാതിക്കാരി ബാധ്യസ്ഥയാണ് എന്നാണ് 25/06/2022 തീയതിയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഓർഡർ പാർട്ട്-എ, LT Tariff General Conditions പ്രകാരം മനസ്സിലാവുന്നത്. ആയതിനാൽ, ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഇക്കാര്യം പ്രത്യേകം ശ്രദ്ധ നൽകി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

ഉപഭോഗത്തിന് അനുസരിച്ച് കണക്കാക്കുന്ന പവർ ഫാക്ടറിന്റെ അടിസ്ഥാനത്തിൽ പവർ ഫാക്ടർ പെനാൽറ്റി കൂടി അടക്കുവാൻ പരാതിക്കാരി ബാധ്യസ്ഥയാണ്.ആയതിനാൽ ഈ പരാതി തള്ളിക്കളയണമെന്നും പരാതിക്കാരിയോട് നിയമപ്രകാരം നൽകപ്പെട്ടിട്ടുള്ള ഷോർട്ട് അസ്സസ് മെൻറ് ബില്ല് തുകയായ 2, 36, 824 രൂപ അടവാക്കണമെന്നും കൽപ്പിച്ച് ഉത്തരവ് ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.

## പരാതിക്കാരിയുടെ എതിർവാദം

എനിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പരാമർശിക്കപ്പെട്ട പ്രകാരം ഷോർട്ട് അസസ്മെന്റ് ബില്ലിന്മേൽ യാതൊരു പരാതിയും ഇല്ല. ആയത് അടവാക്കുവാൻ ഞാൻ അർഹനാണ്. എന്നാൽ പവർ കപ്പാസിറ്റർ പെനാൽറ്റി ഒഴിവാക്കുകയും സി.ജി.ആർ.എഫിന്റെ വിധി പ്രകാരം അടവാക്കി ഭാവിയിലെ ബില്ലിന്മേൽ അഡ്ജസ്റ്റ് ചെയ്ത് റി ഫണ്ട് നൽകുന്ന പ്രവണത ഒഴിവാക്കുന്നതിനാണ് ഞാൻ പരാതി നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് എഞ്ചിനിയർ പറയും പ്രകാരം നോട്ടീസ് നൽകാതെ

പെനാൽറ്റി ബിൽ കപ്പാസിറ്ററിന് നൽകാമെന്ന് പറയുന്നത് ശരിയല്ല. എനിക്ക് കണക്ഷൻ നൽകുമ്പോൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം കപ്പാസിറ്റർ സ്ഥാപിച്ച ടെസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ ടെസ്റ്റ് റിപ്പോർട്ട് നൽകാതേയും കപ്പാസിറ്റർ സ്ഥാപിക്കാതേയും വൈദ്യുതി ബോർഡ് കണക്ഷൻ നൽകാറില്ല. അപ്പോൾ കപ്പാസിറ്ററിന് കംപ്ലൈൻറ് വന്നതുകൊണ്ടാണ് പവർ ഫാക്ടർ റീഡിംഗിൽ വ്യതിയാനം കണ്ടിട്ടുള്ളത്. ആ നിലക്ക് നോട്ടീസ് നൽകേണ്ടതായി രുന്നു. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ വാദം കപ്പാസിറ്റർ ഉണ്ടായിരുന്നില്ല എന്ന നിലക്കാണ്. അതുകൊണ്ട് നോട്ടീസ് നൽകിയിട്ടില്ല എന്നാണ് പറയപ്പെടുന്നത്. ഈ പറയുന്നത് കളവാണ്. സ്ഥാപിച്ച കപ്പാസിറ്റ റിൻറെ വിശദാംശങ്ങൾ അപേക്ഷയോടൊപ്പം നൽകിയതിൻറെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. ആവശ്യമെങ്കിൽ മക്കരപറമ്പ് സെക്ഷനിൽ നിന്നും ഈ അപേക്ഷ തിരഞ്ഞെടുക്കാവുന്നതാണ്. എൻറെ പരാതി കപ്പാസിറ്റർ പെനാൽറ്റി ആദ്യം അടവാക്കുകയും പിന്നീട് റീഫണ്ട് ചെയ്യുന്നതും ഒഴിവാക്കി കിട്ടുന്നതിന് വേണ്ടി മാത്രമാണ്. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അല്ലാത്ത വാദങ്ങളൊന്നും തന്നെ എൻറെ പരാതിയിൽ പെടാത്തതാണ്.

ആയതിനാൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻറെ ഭാഗത്ത് പെനാൽറ്റി അടവാക്കുന്ന കാര്യം ഒഴിവാക്കികൊണ്ട് ഒരു ഉത്തരവ് ഉണ്ടാകു വാൻ ബഹുമാനപൂർവ്വം അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ വിശദമായ വാദം കേൾക്കൽ 30/10/2024, 11:30 ന് CGRF Court Hall Vydyuthibhavanam, Gandhi Rd, Kozhikode വെച്ച് നടന്നു. പരാതിക്കാരൻറെ ഭാഗത്തുനിന്നും ശ്രീമതി. നബീസ അമ്പലവൻറെ പ്രതിനിധി എന്ന നിലയ്ക്ക് ശ്രീ. സൈതലവി.കെ.എം , വലിയങ്ങാടി ,ഡൗൺഹിൽ പി.ഒ , മലപ്പുറം എതിർകക്ഷിയായ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മക്കരപ്പറമ്പ്, മലപ്പുറം എന്നിവർ പങ്കെടുത്തു.

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീമതി.നബീസ ഒരു വ്യാവസായി ഉപഭോക്താവായി എടുത്തിരുന്ന സർവീസ് കണക്ഷനിൽ 30/11/2022 ൽ connected load 30 Kw ൽ നിന്നും 42.96 Kw ഉയർത്തുകയുണ്ടായി. അങ്ങനെ connected load കൂടിയപ്പോൾ

സാധാരണ മീറ്റർ മാറ്റി CT Connected മീറ്റർ സ്ഥാപിക്കുകയും 100/5 CT ratio ഉള്ള CT കണക്ഷനിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഉപഭോഗം കണക്കാക്കേണ്ട MF 20 ആയിയെങ്കിലും Oruma net - ൽ തെറ്റായി 1 എന്ന് രേഖപ്പെടുത്തിയതിനാൽ വളരെ കുറഞ്ഞ തുകയേ വൈദ്യുത ചാർജായി ഈടാക്കി വന്നിരുന്നുള്ളു. 01/09/2023 - ൽ ഈ തെറ്റ് കണ്ടെത്തുകയും പിന്നീടുള്ള ബില്ലുകളിൽ MF 20 ആയി തന്നെ ഉപഭോഗം കണക്കാക്കി ബില്ല് നൽകുകയും ചെയ്തു. തെറ്റായി വൈദ്യുതചാർജ് കണക്കാക്കിയിരുന്ന 12/2022 മുതൽ 9/2023 വരെ അതായത് 10 മാസത്തേയ്ക്ക് Rs. 2,36,824 short assessment ആയി നൽകുകയുണ്ടായി. ഈ തുകയിൽ Power factor penality ആയ 49006.78 രൂപയും ഉൾപ്പെടുന്നു. PF penalty കുറച്ചാൽ ബാക്കി തുക 1,87,817 രൂപ ആയി കണക്കാക്കാം. ലൈസൻസിയുടെ ഭാഗത്തു നിന്നും ഇത്തരം വീഴ്ചകളുണ്ടായാൽ മുൻകാലത്തിലുള്ളതുൾപ്പെടെ കുടിശ്ശിക ഉപഭോക്താവിൽ നിന്ന് ഈടാക്കാനുള്ള ചട്ടങ്ങൾ ഏതൊക്കെയെന്ന് പരിശോധിക്കണം. **Kerala Electricity Supply Code 2014 ലെ Regulation 152** ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു.

*152.(1) Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.*

*(2) In such cases, the amount of electricity charges short collected by the licensee, if any, shall only be realized from the consumer under normal tariff applicable to the period during which such anomalies persisted.*

*(3) The amount of electricity charges short collected for the entire period during which such anomalies persisted, may be realised by the licensee without any interest:*

*Provided that, if the period of such short collection due to the anomalies is not known or cannot be reliably assessed, the period of assessment of such short collection of electricity charges shall be limited to twelve months: Provided further that while assessing the period of such short collection the factors as specified in sub regulation (8) of regulation 155 shall be considered:*

*Provided also that realisation of electricity charges short collected shall be limited for a maximum period of twenty four months, even if the period during which such anomaly persisted is found to be more than twenty four months.*

*(4) The consumer may be given installment facility by the licensee for a maximum period of twelve months for the remittance of such amount of short collection with interest at the bank rate as on the date of remittance of the amount of installment.*

ഈ ചട്ടത്തിൽ വിവരിച്ചിരിക്കുന്ന പ്രകാരം Multiplication factor തെറ്റായി ബിൽ ചെയ്തിരിക്കുന്ന ഉപഭോക്താവിൽ നിന്ന് പരമാവധി 2 വർഷം വരെയുള്ള കുടിശ്ശിക ഈടാക്കാൻ ലൈസൻസിയ്ക്കു അവകാശമുണ്ട്. ഇവിടെ എന്നു മുതലാണ് ഈ തെറ്റ് സംഭവിച്ചിരിക്കുന്നത് എന്ന് കൃത്യമായി കണക്കാക്കാൻ കഴിയുന്നതിനാലാണ് രണ്ടുവർഷം വരെയുള്ള കുടിശ്ശിക ബില്ലു ചെയ്യാൻ കഴിയുന്നത്. കൂടാതെ തവണ വ്യവസ്ഥയിൽ അടയ്ക്കാൻ ഉപഭോക്താവിനെ അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിനാൽ കുടിശ്ശികയായ 1,87,817/- പലിശരഹിതമായി ഒരുമിച്ചോ തവണ വ്യവസ്ഥയിലോ ഉപഭോക്താവിന് അടയ്ക്കാവുന്നതാണ്.

ഈ short assessment notice -ൽ Power factor penalty ആയി 49,000 രൂപ കണക്കാക്കിയിരിക്കുന്നത് കാണാം. ഒരു സർവീസ് കണക്ഷനിൽ നിശ്ചിത PF - ൽ താഴെയാണ് PF രേഖപ്പെടുത്തുന്നതെങ്കിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ KSERC യുടെ Tariff orders ൽ പ്രതിപാദിച്ചിരിക്കുന്നു.

<u>Tariff order General Conditions</u>

*(3) For LT Industrial and Agricultural consumers who have not installed capacitors with ISI certification of specified value, the fixed charge and energy charge shall be higher by 20% of the tariff applicable to the respective categories.*

*(5) officer of the licensee who is authorized to take meter reading shall inspect the static capacitor and ensure that it is functioning properly. If such officer notices that the static capacitor has become faulty or unserviceable, he shall forthwith intimate the matter to the officer in charge of the Electrical Section / Sub-division of Kerala State Electricity Board Limited or to the concerned officer in the case of other distribution licensees, who shall issue notice to the consumer directing him to replace such faulty or unserviceable capacitor within one month or within such other time limit as stipulated by the concerned officer of the licensee. The consumer shall replace such faulty /unserviceable capacitors within the time limit as directed by the officers of the licensee.*

*(6) If the capacitor is not replaced or put back into service duly repaired, to the satisfaction of the concerned officer of Kerala State Electricity Board Limited or of other distribution licensees, as the case may be, within one month or such other time limit as*

*stipulated by the concerned officer of the licensee, enhanced charges as per clause 3 or clause 4 above shall be payable for the whole period during which the capacitor remains faulty or unserviceable.*

ഈ കേസിൽ എതിർകക്ഷി ഈ മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ലെന്ന് കാണാം. അതിനാൽ തന്നെ capacitor penalty കണക്കാക്കിയത് ശരിയല്ല എന്നതു കൊണ്ടുതന്നെ അതു റദ്ദാക്കേണ്ടിയിരിക്കുന്നു.

എതിർകക്ഷിയുടെ വാദത്തിൽ ഉപഭോക്താവ് 20 Kw ൽ കൂടുതൽ connected load ഉള്ളതിനാൽ PF നിശ്ചിത തലത്തിൽ നിർത്തേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്വമാണെന്നും അതിനാൽ നോട്ടീസ് നൽകണം എന്ന നിബന്ധന നിർബന്ധമാക്കേണ്ട എന്നത് സ്വീകാര്യമല്ല. അതിനാൽ തള്ളിക്കളയുന്നു. അതുപോലെ capacitor കേടാകുന്ന സാഹചര്യത്തിൽ മാത്രമേ നോട്ടീസ് നൽകി അത് ശരിയാക്കാനുള്ള സമയം നൽകേണ്ടതുള്ളൂ എന്ന വാദവും നിലനില്ക്കുന്നതല്ല. PF കുറയുമ്പോഴാണ് ഉപഭോക്താവിന് നോട്ടീസ് നൽകേണ്ടത് അല്ലാതെ capacitor കേടായോ എന്ന് പരിശോധിച്ചിട്ടല്ല. അതിനാൽ ആ വാദം തള്ളിക്കളയേണ്ടിയിരിക്കുന്നു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും, പരാതിക്കാരന്റെ യും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുക ളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരു മാനം എടുക്കുകയും ചെയ്യുന്നു.

1) Short അസ്സെസ്സ്മെന്റ് തുകയായ 2,36,824 രൂപയിൽ Capacitor penality 49007/- രൂപ കഴിച്ച് ബാക്കിയായ 1,87,817/- രൂപ അടയ്ക്കാൻ പരാതിക്കാരി ബാധ്യസ്ഥയാണ്.

2) ഈ തുക 10 പ്രതിമാസ ഗഡുക്കളായി അടയ്ക്കാൻ ലൈസൻസി പരാതിക്കാരിയെ അനുവദിക്കേണ്ടതാണ് .

3) ഈ തുകയ്ക്കു ലൈസൻസി പലിശയോ സർചാർജോ ഈടാക്കാൻ പാടില്ല.

4) Capacitor penalty ആയ 49,007/- രൂപ നിർദ്ധിഷ്ട മാനദണ്ഡങ്ങൾ പാലിക്കാതെ ബില്ല് ചെയ്തിരിക്കുന്നു എന്നതിനാൽ റദ്ദുചെയ്യുന്നു.

5) നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ Capacitor penality ഈടാക്കിയിട്ടുണ്ടെങ്കിൽ അത് പരാതിക്കാരിയുടെ മുന്നോട്ടുള്ള ബില്ലുകളിൽ കുറവുചെയ്ത് നൽകേണ്ടതാണ്.

6) MF തെറ്റായി രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ വരുത്തിയ വീഴ്ച്ച അന്വേഷിച്ച് ലൈസൻസി നടപടി എടുക്കേണ്ടതാണ്.

7) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/057/2024/ തീയതി: 06/11/2024.

**അയക്കുന്നത്:**

1. ശ്രീമതി.നബീസ അമ്പലവൻ അമ്പലവൻ ഹൗസ്, പാരടി റോഡ്, കൂട്ടിലങ്ങാടി പി. ഒ മലപ്പുറം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മക്കരപ്പറമ്പ്, മലപ്പുറം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , ഗാന്ധി റോഡ്, കോഴിക്കോട് - 673011.